# കേളി (തണൽ) ചാരിറ്റി ഷോ അവിസ്മരണീയമായി




സൂറിച്ച്. സാമൂഹ്യസേവന പാതയിൽ പുതിയ സന്ദേശവുമായി കേളി നടത്തിയ ചാരിറ്റി ഷോ അവിസ്മരണീയമായി. മെയ് ഒമ്പതിന് ശനിയാഴ്ച സൂറിച്ച് വെറ്റ്സിക്കോൺ കത്തോലിക്കാപ്പള്ളി ഹാളിലാണ് കാരുണ്യം വറ്റാത്തവർ ചാരിറ്റി ഷോ ഒരുക്കിയത്.

അംഗവൈകല്യം മൂലം പാർശ്വവൽക്കരിക്കപ്പെട്ടവരെ ഒരു കൈ സഹായിക്കുവാനായി സ്വിറ്റ്സർലാന്റിലെ മലയാളിസംഘടനയായ കേളി ആവിഷ്കരിച്ച നൂതന പദ്ധതി ആണ് തണൽ. സമൂഹത്തിലെ വിഭിന്ന ശേഷിയുള്ളവർക്ക് തണലേകാൻ കേളി ഈ പദ്ധതിയിലൂടെ കൂട്ടായി ശ്രമിക്കുന്നു.

തണൽ പദ്ധതിയുടെ ധനശേഖരാർത്ഥം കേളി നടത്തിയ ചാരിറ്റി ഷോയ്ക്ക് വമ്പിച്ച പിന്തുണയാണ് ലഭിച്ചത്. ദിവസങ്ങൾക്ക് മുമ്പേ രജിസ്ട്രേഷൻ ക്ലോസ് ചെയ്തിട്ടും 240 ഇരിപ്പിടം മാത്രം ഉള്ള ഹാളിൽ മുന്നൂറിലധികം പേർ സംബന്ധിച്ചു. മഹാഭൂരിപക്ഷം വന്ന സ്വിസ് ജനതക്ക് ഇരിപ്പിടം ഒരുക്കി മലയാളി സമൂഹം മൂലകളിലും അടുക്കളയിലും നിന്നും ഒതുങ്ങിയും മാതൃകാപരമായി തണൽ പ്രൊജക്ടുമായി സഹകരിച്ചു.

രുചികരമായ ഇൻഡ്യൻ ഡിന്നറും കലാസന്ധ്യയും സംഘാടകർ ഒരുക്കിയിരുന്നു. കാരുണ്യമതികളായ സ്വിസ് , ഇന്ത്യൻ ജനത നിർലോഭം സഹകരിച്ചപ്പോൾ പത്ത് ലക്ഷത്തോളം രൂപ തണൽ പദ്ധതിക്ക് അനായാസം സമാഹരിക്കുവാനായി. കേരളത്തിലെ ഭിന്ന ശേഷിയുള്ളവർക്കായി തുടങ്ങിയിരിക്കുന്ന തിരഞ്ഞെടുത്ത പന്ത്രണ്ട് ബഡ്സ് ഡേ സ്ക്കൂളുകളിലേക്ക് ഈ തുക വിനിയോഗിക്കുമെന്ന് സോഷ്യൽ സർവീസ് കൺവീനർ ബെന്നി പുളിക്കൽ അറിയിച്ചു. കേളി കുടുംബാംഗങ്ങൾക്ക് പുറമെ സുമനസ്സുള്ള മലയാളി സുഹൃത്തുക്കളുടെ കൂടി വോളന്റീയർ സേവനം ലഭിച്ചപ്പോൾ ചാരിറ്റി ഷോയുടെ ശ്രമകരമായ ബാങ്കുറ്റ് ആയാസരഹിതമായി. സമയനിഷ്ഠത പാലിച്ച് വൈകുന്നേരം ഏഴിന് തുടങ്ങിയ പ്രോഗ്രാം കൃത്യം പത്തിന് പര്യവസാനിച്ചു. കേളിയുടെ ശ്ലാഖനീയമായ സാമൂഹ്യസേവനപ്രവർത്തനങ്ങൾക്ക് സ്വിറ്റ്സർലാന്റിൽ അംഗീകാരവും അകമഴിഞ്ഞ പിന്തുണയും ലഭിച്ചുവരുന്നു. കഴിഞ്ഞ പതിനഞ്ച് വർഷത്തിനകം ഒന്നര കോടി രൂപയുടെ സാമൂഹ്യ സേവനം കേളി കേരളത്തിൽ ചെയ്തു. കേളിയുടെ കലാസായാഹ്നങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം മുഴുവനും സാമൂഹ്യസേവനത്തിന് മാത്രമായി വനിയോഗിക്കുന്നു.

കേളി പ്രസിഡന്റ് ബാബു കാട്ടുപാലം സ്വാഗതവും സോഷ്യൽ സർവീസ് കൺവീനർ ബെന്നി പുളിക്കൽ നന്ദിയും പറഞ്ഞു.




keli
THANAL
A PROJECT OF KELI






RAIFFEISEN

